## പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 637 29.05.2019-ലെ മറുപടിയ്ക്ക്

## പഞ്ചായത്ത്തല സ്പോർട്സ് കൗൺസിലുകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ടി. വി. ഇബ്രാഹിം** | | **ശ്രീ.ഇ.പി.ജയരാജൻ**<br>ബഹു.വ്യവസായവും വാണിജ്യവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി | |
| (എ) | സംസ്ഥാനത്ത് പഞ്ചായത്ത് തലത്തിൽ സ്പോർട്സ് കൗൺസിലുകൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ ഘടന അറിയിക്കാമോ; | (എ) | 2018-ലെ സ്പോർട്സ് (ഭേദഗതി) ആക്ടിൽ വ്യവസ്ഥ ചെയ്യുന്നതു പ്രകാരമുള്ള പഞ്ചായത്ത് സ്പോർട്സ് കൗൺസിലുകൾ പ്രാബല്യത്തിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടില്ല. |
| (ബി) | ഒന്നാം വർഷ ഹയർസെക്കണ്ടറി പ്രവേശനവുമായി ബന്ധപ്പെട്ട് നീന്തൽ അറിയാമെന്ന് തെളിയിക്കാനുള്ള സർട്ടിഫിക്കറ്റ് നൽകാനുള്ള അധികാരം/ചുമതല പഞ്ചായത്ത് തല സ്പോർട്സ് കൗൺസിലുകൾക്കാണോ; വിശദമാക്കാമോ; | (ബി) | വിദ്യാർത്ഥികളിൽ നീന്തൽ പ്രോത്സാഹിപ്പിക്കുന്നതിനായി നീന്തൽ അറിയാമെന്ന് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ പരിശീലകർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ കുട്ടികൾക്ക് പ്ലസ് വൺ. കോളേജ് അഡ്മിഷന് 2% ഇന്റക്സ് മാർക്ക് ജില്ലാ സ്പോർട്സ് കൗൺസിൽ വഴി നൽകി വരുന്നുണ്ട്. |
| (സി) | ഇങ്ങനെ പഞ്ചായത്ത് സ്പോർട്സ് കൗൺസിൽ നൽകുന്ന നീന്തൽ സർട്ടിഫിക്കറ്റിൽ ഒപ്പ് വയ്ക്കാനുള്ള ചുമതല ആർക്കാണെന്ന് അറിയിക്കാമോ; | (സി) & (ഡി) | കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ നിയമിച്ചിട്ടുള്ള യോഗ്യരായ നീന്തൽ പരിശീലകർ നീന്തൽ അറിവ് പരിശോധിച്ച് ബോധ്യപ്പെട്ട ശേഷം അതാത് ജില്ലാ സ്പോർട്സ് കൗൺസിൽ സെക്രട്ടറിയാണ് നീന്തൽ അറിയാമെന്നുള്ള സർട്ടിഫിക്കറ്റുകൾ നൽകുന്നത്. |
| (ഡി) | മതിയായ പരിശോധനകൾക്ക് ശേഷമാണ് ഇത്തരം സർട്ടിഫിക്കറ്റുകൾ നൽകുന്നതെന്ന കാര്യം സർക്കാർ ഉറപ്പുവരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ? | | |

**സെക്ഷൻ ഓഫീസർ**